# 9 സംഗീതോപകരണങ്ങൾ

## പ്രവർത്തനം 1 നിങ്ങളുടെ ഉപകരണങ്ങളെ കുറിച്ച് അറിയുക

ഇന്ത്യൻ ക്ലാസിക്കൽ, നാടോടി സംഗീതത്തിൽ ഉപയോഗിക്കുന്ന ചില ഉപകരണങ്ങളാണിവ. ക്യുആർ കോഡ് (ഈ പേജിന്റെ വലത് കോൺ )സ്കാൻ ചെയ്തുകൊണ്ട് നിങ്ങൾക്ക് അവയുടെ ശബ്ദങ്ങൾ കേൾക്കാൻ കഴിയും.

0337CH09


ഹാർമോണിയം


ഓടക്കുഴൽ


മൃദംഗം


സിത്താർ


സരോദ്


സാരംഗി


തബല


സന്തൂർ


ഷെഹനായി


മഞ്ജീര


പഖവാജ്

**ഏതൊക്കെ ഉപകരണങ്ങളാണ് നിങ്ങൾ മുമ്പ് കേട്ടിട്ടുള്ളത് ?**

**നിങ്ങൾ പഠിച്ച കാശ്മീരി പാട്ടായ ബംബ്രോ യിലുള്ള ഉപകരണങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്താമോ ?**

**അധ്യാപകരുടെ കുറിപ്പ്**

പഠന മുറിയിൽ വന്ന് വ്യത്യസ്ത ഉപകരണങ്ങൾ വായിക്കാൻ കഴിയുന്ന പ്രാദേശിക സംഗീതജ്ഞരെ ക്ഷണിക്കുക.

© NCERT not to be republished

## പ്രവർത്തനം 2 ഒരു അടുക്കള വാദ്യസംഘം ഉണ്ടാക്കുക

ഒരു കൂട്ടം സംഗീതജ്ഞർ വിവിധ സംഗീത ഉപകരണങ്ങൾ ഒരുമിച്ച് വായിക്കുകയും ഒരുമിച്ച് ചേർന്ന് പാടുകയും ചെയ്യുമ്പോൾ, അതിനെ ഒരു **വാദ്യ സംഘം** എന്ന് വിളിക്കുന്നു.

**നിങ്ങളുടെ വീട്ടിലെ അടുക്കളയിൽ ഒരു വാദ്യസംഘം ഉണ്ടാക്കാൻ കഴിയുമോ?**

**ഒരു അടുക്കള വാദ്യ സംഘത്തിൽ ഏതൊക്കെ തരം അടുക്കള വസ്തുക്കൾ ഉപയോഗിക്കാം?**

**നിങ്ങളുടെ അടുക്കള വാദ്യസംഘത്തിൽ നിങ്ങൾ മുമ്പ് പഠിച്ച കൊങ്കണി പാട്ടായ ഉന്ത്രാ മോജ മാമ, അല്ലെങ്കിൽ നിങ്ങൾക്ക് അറിയാവുന്ന മറ്റേതെങ്കിലും പാട്ട് പാടാൻ കഴിയുമോ ?**



© NCERT not to be republished

# പ്രവർത്തനം 3 ഒരു ഷേക്കർ ഉണ്ടാക്കൂ!

**നിങ്ങൾക്കറിയാമോ?**

നിങ്ങൾ നിറയ്ക്കുന്ന സാധനങ്ങളുടെ അളവും വസ്തുവിനെയും അനുസരിച്ച് കിലുക്കുന്ന വസ്തു വ്യത്യസ്ത ശബ്ദങ്ങൾ ഉണ്ടാക്കും. നിങ്ങൾക്ക് വിവിധ തരം ഭക്ഷ്യധാന്യങ്ങൾ, കല്ലുകൾ, മാർബിൾ അല്ലെങ്കിൽ വിത്തുകൾ എന്നിവ എടുക്കാം.
സ്വയം പരീക്ഷിച്ചു നോക്കുക .



ഏത് ധാന്യങ്ങളാണ് ഏറ്റവും വലിയ ശബ്ദം ഉണ്ടാക്കുന്നത്?
നിങ്ങൾ കൂടുതൽ ധാന്യങ്ങൾ ചേർക്കുമ്പോൾ കിലുക്കുന്ന വസ്തു കൂടുതൽ ശബ്ദം ഉണ്ടാക്കുന്നുണ്ടോ?

താളം സൃഷ്ടിക്കാൻ ഉപയോഗിക്കുന്ന താളാത്മക സംഗീത ഉപകരണങ്ങളാണ് കിലുക്കാം പെട്ടികൾ ഇവ.
കിലുക്കുമ്പോൾ ശബ്ദം സൃഷ്ടിക്കപ്പെടുതിനാൽ അവയെ ഷേക്കറുകൾ എന്ന് വിളിക്കുന്നു
സ്വയം കിലുക്കുന്ന വസ്തു ഉണ്ടാക്കാൻ നിങ്ങൾക്ക് ഇത് ആവശ്യമാണ് -

- ഒരു ചെറിയ, വീണ്ടും ഉപയോഗിക്കാവുന്ന കുപ്പി.
- ഒരു പിടി ഉണങ്ങിയ പയർവർഗ്ഗങ്ങൾ അല്ലെങ്കിൽ ധാന്യങ്ങൾ, മുത്തുകൾ, കല്ലുകൾ.
- ചായങ്ങൾ

നിങ്ങളുടെ കിലുക്കുന്ന വസ്തു ഉണ്ടാക്കുക -

- അകവും പുറവും പൂർണ്ണമായും ഉണങ്ങിയ ഒരു കുപ്പി സൂക്ഷിക്കുക.
- ഉണങ്ങിയ പരിപ്പ്, വേവിക്കാത്ത അരി അല്ലെങ്കിൽ നിങ്ങൾക്ക് ഇഷ്ടമുള്ള എന്തും ഉപയോഗിച്ച് കുപ്പി നിറയ്ക്കാം . ഓർക്കുക, വ്യത്യസ്ത ഇനങ്ങൾ വ്യത്യസ്ത ശബ്ദങ്ങൾ ഉണ്ടാക്കും.
- കുപ്പി മുറുകെ അടയ്ക്കുക.
- കുപ്പിയുടെ പുറംഭാഗം അലങ്കരിക്കുക.
  നിങ്ങളുടെ പ്രിയപ്പെട്ട നിറങ്ങൾ ഉപയോഗിച്ച് നിറം നൽകുക ,
  അതിൽ തിളങ്ങുന്നതും ഒട്ടിക്കുന്നതുമായ വസ്തുക്കൾ പതിക്കുകയും ചെയ്യു.
- കുപ്പി ഉണങ്ങാൻ വിടുക.
- നിങ്ങളുടെ കിലുക്കുന്ന വസ്തു ഉപയോഗിക്കാൻ തയ്യാറാണ്.



© NCERT not to be republished

## പ്രവർത്തനം 4 സംഗീതോപകരണങ്ങളുടെ ശബ്ദം

സംഗീതോപകരണങ്ങൾ വായിക്കാൻ ഞങ്ങൾ പിന്നീട് പഠിക്കും, പക്ഷേ ആദ്യം കുറച്ച് സംഗീതോപകരണങ്ങളുടെ ശബ്ദങ്ങൾ കൂടി കേൾക്കാം.

ഡാഫ്ലി, ഡമരു , ധോൽ , ധോലക്, തബല ,

ഇടയ്ക്ക, ചെണ്ട - മരം അല്ലെങ്കിൽ ചെമ്പ് ഉപയോഗിച്ച് നിർമ്മിച്ച ഉപകരണങ്ങളാണിവ .

അവയുടെ മുഖ ഭാഗങ്ങൾ ചിലപ്പോൾ മുകളിലോട്ടും താഴോട്ടും ചിലപ്പോൾ വലത്തും ഇടത്തുമായിരിക്കും.

കൈകൾ, വടികൾ മുതലായവ ഉപയോഗിച്ചാണ് ഇത് വായിക്കുന്നത് .


തവിൽ


ഗുമത്ത്

not to be republished © NCERT

**പ്രവർത്തനം 5** നിങ്ങൾക്ക് ചുറ്റുമുള്ള ഉത്സവങ്ങളിൽ പലതരം ഡ്രംസ് വായിക്കുന്നത് നിങ്ങൾ കണ്ടിരിക്കും. നമുക്ക് അവയുടെ ശബ്ദങ്ങൾ കേൾക്കാം, അവയുടെ ചിത്രങ്ങളും കാണാം.


Nkhuangh Drum


ഡാഫ്ലി


നാഗര


ധോൾ

© NCERT not to be republished

**ചില സംഗീത ഉപകരണങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് ഇവിടെ ഒട്ടിക്കുക-**


ഓടക്കുഴൽ


നാദസ്വരം


ഷെഹനായി


രൺസിംഗ

© NCERT
not to be republished

## പ്രവർത്തനം 6 സംഗീതത്തിലെ ക്രമങ്ങൾ ശ്രദ്ധിക്കുകയും പഠിക്കുകയും ചെയ്യുക

സംഗീതത്തിൽ സുസ്വരം അല്ലെങ്കിൽ താളം ആവർത്തിക്കുന്ന ക്രമങ്ങൾ കണ്ടെത്തുക.

**അധ്യാപകരുടെ കുറിപ്പ്**

കുട്ടികൾ ഈ സ്വരങ്ങൾ മൂളുന്ന ശൈലികളായ ആകാരം ,അലങ്കാരം അല്ലെങ്കിൽ സർഗം ശൈലിയിൽ പാടട്ടെ . എല്ലായ്പ്പോഴും കൈയടികളോ ഏതെങ്കിലും സംഗീത ഉപകരണങ്ങളോ ഉപയോഗിച്ച് താളം നിലനിർത്തുക .പാടുമ്പോൾ ശ്വസനം നിയന്ത്രിക്കേണ്ടതുണ്ടെന്നും ഞങ്ങൾക്ക് വിദ്യാർത്ഥികളോട് വിശദീകരിക്കാൻ കഴിയും.

ഈ പ്രവർത്തനങ്ങൾ പരിശീലിക്കുകയും ചുവടെ നൽകിയിരിക്കുന്ന ക്രമങ്ങൾ പിന്തുടരുകയും ചെയ്യുക -

സ രി ഗ മ പ ധ നിസ

സ നി ധ പ മ ഗ രി സ

സരി രിഗ ഗമ മപ പധ ധനി നിസ
സനി നിധ ധപ ധപ  പമ മഗ ഗരി രിസ

സരിഗ രിഗമ ഗമപ മപധ പധനി ധനിസ സനിധ നിധപ ധപമ
പമഗ മഗരി ഗരിസ സരിഗമ രിഗമപ ഗമപധ മപധനി പധനിസ
സനിധപ നിധപമ ധപമഗ പമഗരി മഗരിസ

© NCERT not to be republished